"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവ- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- 2018 ലെ പ്രളയക്കെടുതിയെത്തുടർന്ന് പ്രഖ്യാപിച്ച RKLS (Resurgent Kerala Loan Scheme) സാമ്പത്തിക സഹായ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കിയ ഗാർഹിക വായ്പാ പദ്ധതിയുടെ മൂന്നാം ഗഡു പലിശ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

G.O.(Ms) No.167/2021/RD തീയതി,തിരുവനന്തപുരം, 02/09/2021

---

പരാമർശം:-
1. 07.09.2018 ലെ സ.ഉ( കൈ) 326/2018 റവ
2. 07.01.2020 ലെ സ.ഉ( കൈ) 99/2020 /റവ
3. 21.11.2020 ലെ സ.ഉ( സാധാ) 3722/2020 /റവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.05.2021 ലെ 8670/എംഎം എഫ്/2019/കെ എസ് എച്ച് ഒ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018 ലെ പ്രളയക്കെടുതിയെത്തുടർന്ന് പരാമർശം (1) പ്രകാരം RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിക്കുകയും ആയത് വഴി വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കും മറ്റു കാര്യങ്ങൾക്കുമായി കുടുംബനാഥയ്ക്ക് 1,00,000/- രൂപാവരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയുമുണ്ടായി. ടി പദ്ധതി പ്രകാരം ലഭ്യമാക്കുന്ന വായ്പയുടെ പലിശ ( 9% ) കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി .

2) 2019-20 കാലയളവിലെ ആദ്യ ഗഡു പലിശത്തുകയ്ക്കായി കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും തുടർന്ന് പരാമർശം (2) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 131,17,64,000/- ( നൂറ്റി മുപ്പത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം), കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക്ആദ്യ ഗഡു പലിശ ധനസഹായമായി അനുവദിക്കുകയും ചെയ്തു.

3) RKLS പദ്ധതി പ്രകാരം എടുത്ത വായ്പയുടെ രണ്ടാം ഗഡു പലിശതുകയായ 129,87,63,443/ രൂപ ( നൂറ്റി ഇരുപത്തിയൊൻപത് കോടി എൺപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം) പരാമർശം (2) പ്രകാരം ,മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു.

4) ഈ വർഷത്തെ മൂന്നാം ഗഡു പിലശ സബ്സിഡി തുകയായ 75,12,91,693 രൂപ (എഴുപത്തിയഞ്ച് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) മുൻകൂറായി അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചു.

5) മേൽ വിഷയം സർക്കാർ പ്രത്യേക കേസായി പരിശോധിച്ചു. RKLS (Resurgent Kerala Loan Scheme) സാമ്പത്തിക സഹായ പദ്ധതി പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കിയ വായ്പയുടെ മൂന്നാം ഗഡു പലിശ സബ്സിഡി തുകയായി കുടുംബശ്രീ കണക്കാക്കിയിട്ടുള്ള 75,12,91,693രൂപ (എഴുപത്തിയഞ്ച് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരാവാകുന്നു.

6) തുക അനുവദിക്കുന്നത് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ച കുടുംബശ്രീ അംഗങ്ങൾക്കാണ് എന്നത് കുടുംബശ്രീ ഉറപ്പ് വരുത്തേണ്ടതും അർഹതയില്ലാത്തവർ മേൽ തുക കൈപറ്റുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെടുന്ന പക്ഷം ടി തുക പലിശ സഹിതം കൈപറ്റുന്നവരിൽ നിന്നും തിരികെ ഈടാക്കുന്നതും അതിന് കഴിയാത്ത പക്ഷം ടി വ്യക്തികളെ അർഹരുടെ പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതുമാണ് . 2018- ലെ പ്രളയകെടുതിയിൽ നാശഷ്ടം സംഭവിച്ചവർക്ക് മാത്രമാണ് തുക അനുവദിയ്ക്കുന്നത് എന്നുള്ളത് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. തുക അതാത് അയൽക്കൂട്ടങ്ങൾക്ക് വിതരണം നടത്തി ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം താമസംവിനാ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

7) വിതരണത്തിനാവശ്യമായി വരുന്ന 75,12,91,693 രൂപ (എഴുപത്തിയഞ്ച് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീക്ക് അനുവദിക്കേണ്ടതും പ്രസ്തുത തുക ബന്ധപ്പെട്ടവർ ക്ക് വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Dr A Jayathilak I A S

Additional Chief Secretary

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം

കൺവീനർ, SLBC.

ജനറൽ മാനേജർ, കാനറാ ബാങ്ക്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

പൊതുഭരണ എസ്.സി വകുപ്പ് (01.09.21 ലെ ഇനം നം 206 പ്രകാരം)

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

ദുരന്ത നിവാരണ വകുപ്പ്

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ